**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2723** **28-02-2023 - ൽ മറുപടിയ്ക്ക്**

**കോർപ്പസ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | എസ്.സി/എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കുന്ന കോർപ്പസ് ഫണ്ട് ഏതൊക്കെ മേഖലകളിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | എസ്.സി/എസ്.ടി. വിഭാഗക്കാർ അധിവസിക്കുന്ന മേഖലകളിലെ നിർണായക വികസന വിടവുകൾ നികത്തുന്നതിനാവശ്യമായ പദ്ധതികൾ ക്കാണ് കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നത്. കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്കും (വിദ്യാഭ്യാസം, സാംസ്കാരികം, കായികം), സാമ്പത്തിക ഉന്നമനത്തിനും, ഉപജീവന മാർഗ്ഗത്തിനും, ആവശ്യമായ പദ്ധതികൾ ഈ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |
| (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് 2022-23 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഉണ്ണികുളം പഞ്ചായത്തിലെ മൊകായി കോളനി കിണർ ഗ്രില്ലിടൽ പ്രവൃത്തിക്ക് 1,30,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് 2022-23 വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു :-<br><br>1) കരിഞ്ചോറച്ചാൽ കോളനി കോൺക്രീറ്റ് നടപ്പാത നിർമ്മാണം - ഉണ്ണികുളംഗ്രാമപഞ്ചായത്ത്- അടങ്കൽ തുക 3,20,000/-രൂപ. (എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചു.)<br><br>2) വിവിധ കോളനി ഭവനങ്ങളുടെ ചോർച്ച തടയുന്നതിന് ടാർപോളിൻ ഷീറ്റ് വിതരണം - പൂർത്തീകരിച്ചു.<br><br>3) കാട് വെട്ട് യന്ത്രം വിതരണം - കായണ്ണ ഗ്രാമപഞ്ചായത്ത് - പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | 4) മരംമുറി യന്ത്രം വിതരണം - ബാലുശ്ശേരി, കോട്ടൂർ, ഉണ്ണികുളം പഞ്ചായത്തുകൾ- പുരോഗമിക്കുന്നു.<br><br>5) പെട്ടിക്കട നിർമ്മാണം നടത്തിപ്പ് - കോട്ടൂർ, ബാലുശ്ശേരി പഞ്ചായത്തുകൾ- പുരോഗമിക്കുന്നു.<br><br>6) തെങ്ങ് കയറ്റ യന്ത്രം വിതരണം -പനങ്ങാട്, കോട്ടൂർ, ഉണ്ണികുളം പഞ്ചായത്തുകൾ- പുരോഗമിക്കുന്നു.<br><br>7) ആട്ട വളർത്തൽ പദ്ധതി - പനങ്ങാട്, കോട്ടൂർ, കായണ്ണ, ബാലുശ്ശേരി, ഉണ്ണികുളം പഞ്ചായത്തുകൾ- പുരോഗമിക്കുന്നു.<br><br>8) തയ്യൽ മെഷീൻ വിതരണം- കായണ്ണ, കോട്ടൂർ പഞ്ചായത്തുകൾ - പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ